# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2194

17.06.2014-ൽ മറുപടിക്ക്

## സംസ്ഥാനത്ത് നിലവിലുള്ള ഭവന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ്: | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഏതെല്ലാം ഭവന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്; വിശദ വിവരങ്ങൾ നല്കുമോ; | (എ) | ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>പട്ടികജാതി വികസന വകുപ്പിനു കീഴിൽ 'ഭവനരഹിത പുനരധിവാസ പദ്ധതി' പ്രകാരം 2 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായമായി അനുവദിച്ച് വരുന്നു. |
| (ബി) | 2013-2014 സാമ്പത്തിക വർഷം ടി പദ്ധതികളിലായി എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി അനുവദിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; പദ്ധതികൾ തിരിച്ചുള്ള വിശദാംശം നല്കുമോ; | (ബി) | ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br><br>2013-2014 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ 'ഭവനരഹിത പുനരധിവാസ പദ്ധതി' പ്രകാരം 197 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ടി പദ്ധതിയിൽ ഏതെല്ലാം പദ്ധതികൾക്ക് മുടക്കം വന്നിട്ടുണ്ടെന്നുള്ള വിവരം നൽകുമോ; | (സി) | 2,00,000/- രൂപ സർക്കാർ സബ്സിഡിയിൽ 'ഗൃഹശ്രീ' ഭവന പദ്ധതി പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ തീരെ കുറഞ്ഞ തുക (25000 രൂപ) സബ്സിഡിയായി നൽകുന്ന 'സുരക്ഷാ ഭവന പദ്ധതിയ്ക്ക്' പ്രസക്തിയില്ലാത്തതിനാൽ 2013 മാർച്ച് 31 നകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വീടുകൾക്കുകൂടി സബ്സിഡി വിതരണം ചെയ്ത് സുരക്ഷാ പദ്ധതി നിറുത്തലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഓരോ പദ്ധതികൾക്കുമായി എത്ര തുക വീതം കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചുവെന്നുള്ള വിശദാംശം നൽകുമോ? | (ഡി) | ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.<br><br>പട്ടികജാതി വികസന വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന ഭവനരഹിത പുനരധിവാസ പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്